മാതൃഭൂമി
Mathrubhumi Online

Tuesday, 1st January 2008
www.Mathrubhumi.com

# അഖില മലങ്കര സുവിശേഷ യോഗം സമാപിച്ചു

കോലഞ്ചേരി: മനുഷ്യന്‍ കരുണയുള്ളവനാകണമെന്നും സ്നേഹത്തിന്റെ അടിസ്ഥാനമാണ് ദൈവിക സാമീപ്യമെന്നും ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമന്‍ ബാവ പറഞ്ഞു. പുത്തന്‍കുരിശ് പാത്രിയര്‍ക്കാ സെന്ററില്‍ നടന്നു വരുന്ന അഖില മലങ്കര സുവിശേഷ യോഗത്തിന്റെ സമാപന ദിവസം അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു ബാവ. ദൈവഇഷ്ടം നിറവേറ്റപ്പെടുന്നതിലൂടെ രക്ഷ പ്രാപിക്കുവാന്‍ കഴിയണം. ദൈവവചനത്തിന്റെ ശക്തി അറിയുന്നതിലേക്ക് ക്രിസ്തുവിനെ അടുത്തറിയണം. ഓരോ വിശ്വാസിയും സഭയുടേയും ദൈവത്തിന്റേയും ഹിതങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തണമെന്നും ബാവ ചൂണ്ടിക്കാട്ടി. യൂഹാനോന്‍ മാര്‍ മിലിത്തിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയില്‍ നടന്ന ചടങ്ങില്‍ സഭാ മാനേജിങ് കമ്മിറ്റിയംഗം പുത്തന്‍കുരിശ് കറുത്തേടത്ത് കെ.പി. പീറ്ററിന് ലഭിച്ച ഷെവലിയര്‍ സ്ഥാനം ശ്രേഷ്ഠ ബാവ കൈമാറി. ഗീവര്‍ഗീസ് മാര്‍ കൂറിലോസ് സുവിശേഷ പ്രസംഗം നടത്തി.

ചടങ്ങില്‍ മെത്രാപ്പോലീത്തമാരായ മര്‍ക്കോസ് മാര്‍ ക്രിസോസ്റ്റമോസ്, ഡോ. ജോസഫ് മാര്‍ ഗ്രിഗോറിയോസ്, ഡോ. എബ്രഹാം മാര്‍ സേവേറിയോസ്, മാത്യൂസ് മാര്‍ അപ്രേം, കുര്യക്കോസ് മാര്‍ തെയോഫിലോസ്, ഡോ. ആല്‍ബര്‍ട്ട് റൗഫ്, യു.ഡി.എഫ്. കണ്‍വീനര്‍ പി.പി. തങ്കച്ചന്‍, ഡി.സി.സി. പ്രസിഡന്റ് വി.ജെ. പൗലോസ്, ഇ.സി. വര്‍ഗീസ് കോര്‍ എപ്പിസ്ക്കോപ്പ എന്നിവര്‍ സംബന്ധിച്ചു.

ചടങ്ങില്‍ സത്യവിശ്വാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തില്‍ സ്ഥാനാരോഹണ വാര്‍ഷികത്തോടനുബന്ധിച്ച് ശ്രേഷ്ഠ ബാവയ്ക്ക് അംശവടി നല്‍കി ആദരിച്ചു. തുടര്‍ന്ന് രാത്രി കുര്‍ബാനയും പുതുവത്സര സന്ദേശവും സ്നേഹവിരുന്നും നടന്നു. മോണ്‍സി വാവച്ചന്‍, കെ.കെ. മേരിക്കുട്ടി എന്നിവര്‍ നേതൃത്വം നല്‍കി.

http://www.mathrubhumi.com/php/newsFrm.php?news_id=12373&n_type=RE&category_id=4&Farc=